# DOCKET NUMBER BPPKD12220000025

താലൂക്ക് തല അദാലത്ത് ഉപ സമിതി മുൻപാകെ തെങ്കര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന റിപ്പോർട്ട്

ശ്രീ. വേണുഗോപാലൻ കണ്ടാംതൊടിവീട് തെങ്കര എന്നവർക്ക് മണ്ണാർക്കാട് 2 വില്ലേജിലെ സർവ്വേ നംപർ 294/4B-6 ൽപ്പെട്ട 14.87 ആർ വസ്തുവിൽ ഭക്ഷ്യ സംസ്കരണ ശാല ആരംഭിക്കുന്നതിലേക്കായി നിർമ്മിച്ച 276.39 ച.മി വിസ്തീർണ്ണമുള്ള കെട്ടിടം ക്രമവൽക്കരിച്ച് ലഭിക്കുന്നതിന് ഈ കാര്യാലയത്തിൽ 23.02.2024 തിയ്യതിയൽ എ3-464/2024 നംപരായി സമർപ്പിച്ച അപേക്ഷ പ്രകാരം സാങ്കേതിക വിഭാഗം വിഭാഗം പരിശോധന നടത്തി വിവിധ കെ.പി.ബി.ആർ ചട്ട ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുതിൻറെ അടിസ്ഥാനത്തിൽ ടി ന്യൂനതകൾ പരിഹരിക്കുന്നതിന് മേൽ കക്ഷിക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആയവ പൂർണ്ണമായും പരിഹരിച്ച് പുതിയ പ്ലാൻ ഈ കാര്യാലയത്തിൽ സമർപ്പിക്കാതെ മേൽ അപേക്ഷകൻ അദാലത്തിൽ പരാതി നൽകുകയും അദാലത്ത് ഉപസമിതിയുടെ നിർദ്ദേശ പ്രകാരം വീണ്ടും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും, സാങ്കേതിക വിഭാഗം അസിസ്റ്റൻറ് എൻജിനിയറും സംയുക്തമായി ടി നിർമ്മിതി പരിശോധിക്കുകയും നിലവിൽ പരിഹരിക്കാത്ത ചട്ടലംഘനങ്ങളും,ന്യൂനതകളും പരിഹരിച്ച് പുതിയ പ്ലാൻ സമർപ്പിക്കുന്നതിന് മേൽ അപേക്ഷകന് വീണ്ടും 4.09.2024 ന് അറിയിപ്പ് നൽകിയതുന്നെങ്കിലും ആയത് നാളിതുവരെ ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടില്ലാത്തതാകുന്നു. അക്കാരണത്താൽ മേൽ അദാലത്ത് പരാതി ഫയലിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്തത് എന്ന വിവരം ഇതിനാൽ അദാലത്ത് ഉപസമിതി മുൻപാകെ ബോധിപ്പിച്ച് കൊള്ളുന്നു.

Office of the Thenkara Grama Panchayath

Secretary
Thenkara Grama Panchayat
Ph: 04924 226810